# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**

**No. M/C/003/ 2017**

**Date: 10-07-2017**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവത്തിന്റെ അളവറ്റ കരുണയാൽ നമ്മുടെ പ്രവർത്തനങ്ങൾ സൺഡേസ്കൂൾ തലങ്ങളിൽ വളരെ നന്നായി നടക്കുന്നുവെന്നു കരുതുന്നു. അദ്ധ്യയന വർഷം പകുതി പിന്നിട്ടിരിക്കുകയാണല്ലോ. അർദ്ധവാർഷിക പരീക്ഷ ജൂലൈ മാസത്തിൽ തന്നെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു കാണുമല്ലോ. അർദ്ധ വാർഷിക പരീക്ഷ എഴുതുന്നതിൽ പല കുട്ടികളും മടി കാണിക്കുന്നതായും കുട്ടികളുടെ ഹാജർ നിലവാരം കുറയുന്നതായും മനസ്സിലാക്കുന്നു. അദ്ധ്യാപകർ സ്ഥിരമായി സൺഡേസ്കൂളുകളിൽ വന്ന് കൃത്യമായി ക്ലാസ്സുകൾ എടുക്കുന്നതായാൽ ഇത് ഒരു പരിധി വരെ മെച്ചപ്പെടുത്തുവാൻ സാധിക്കും എന്നതിൽ സംശയമില്ല. ഹെഡ്മാസ്റ്റർമാരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകുകയും സ്റ്റാഫ് മീറ്റിംഗിലും, സൺഡേസ്കൂൾ കമ്മറ്റികളിലും വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതും ഹാജർ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ്**

വളരെ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന എംജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റിന്റെ 3-ാം നിലയുടെ കോൺക്രീറ്റ് പണികൾ ഏകദേശം പൂർത്തീകരിച്ച് വരികയാണ്. നാളിതു വരെ ഒരു കോടിയോളം കയുടെ പണികൾ പൂർത്തിയാക്കിയിട്ടുള്ളതും ബാക്കി വേലകൾക്കായി രണ്ടു കോടിയോളം ക വേണ്ടി വരുമെന്നും കണക്കാക്കുന്നു. കൂപ്പൺ പിരിവിലൂടെ പ്രസ്തുത തുക സമാഹരിക്കുന്നതിനായി കൂപ്പണുകൾ എല്ലാ സൺഡേസ്കൂളുകൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണല്ലോ. ജൂൺ 30 നകം പൂർത്തീകരിക്കണമെന്നതായിരുന്നു ലക്ഷ്യമെങ്കിലും പല ഭദ്രാസന ഡയറക്ടർമാരും ആവശ്യപ്പെട്ടതു പ്രകാരം ജൂലൈ 31 വരെ കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതാണ്. നിശ്ചിത സമയത്തിനകം ഡിസ്ട്രിക്റ്റ്, ഭദ്രാസന തലങ്ങളിൽ ഹെഡ്മാസ്റ്റർമാരുടേയും മറ്റ് ഭാരവാഹികളുടേയും യോഗങ്ങൾ വിളിച്ച് കളക്ഷൻ പ്രോഗ്രസ്സ് വിലയിരുത്തുകയും, 31.7.17 നകം കളക്ഷൻ പൂർത്തിയാക്കി നിശ്ചിത പ്രൊഫോർമയിൽ വിവരം എംജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. എല്ലാ സൺഡേസ്കൂൾ അദ്ധ്യാപകരും ഇതിൽ പങ്കാളികളാകണം. 10,12 ക്ലാസ്സുകളിൽ ഉന്നത വിജയം നേടി ഉയർന്ന നിലയിൽ എത്തിയിട്ടുള്ളവരെ ഈ വിവരം ഹെഡ്മാസ്റ്റർമാർ അറിയിക്കുകയും അവരുടെ സഹായം സ്വീകരിക്കാവുന്നതുമാണ്. അപ്രകാരമുള്ളവരുടെ വിലാസം അറിയിക്കുന്നതായാൽ എംജെ.എസ്.എസ്.എ. നേരിട്ടു ബന്ധപ്പെടുവാൻ ശ്രദ്ധിക്കുന്നതാണ്. ഇടവകപള്ളികളും അംഗങ്ങളും ഇതിൽ പങ്കാളികളാകണമെന്ന ശ്രേഷ്ഠ ബാവായുടെ കല്പന അനുസരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. സംഭാവനകൾ നൽകുകയോ, മുറികൾ സ്പോൺസർ ചെയ്യുകയോ ചെയ്യുന്നവരുടെ പേരുകൾ എം.ജെ.എസ്.എസ്.എ. യിൽ പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതുമാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഈ സ്വപ്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നമുക്ക് കൂട്ടായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

## എം.ജെ.എസ്.എസ്.എ. വാർഷീക പൊതുയോഗം 2016 - 2017

എംജെ.എസ്.എസ്.എ. യുടെ 44-ാമതു വാർഷീക പൊതുയോഗം 2017 ജൂൺ 24 ന് എം.ജെ.എസ്.എസ്.എ. യുടെ പുത്തൻകുരിശ് കേന്ദ്ര ആസ്ഥാനത്തു വച്ച് പ്രസിഡന്റ് നി.വ.ദി.ശ്രി. മാത്യൂസ് മോർ അഫ്രേം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. വൈസ്പ്രസിഡന്റ് വെരി.റവ.സി.കെ.സാജു ചെറുവിള്ളിൽ കോർ എപ്പിസ്കോപ്പ പതാക ഉയർത്തി, ജനറൽ സെക്രട്ടറി ഷെവ.എം.ജെ.മർക്കോസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭി.തിരുമേനി അദ്ധ്യക്ഷ പ്രസംഗം നടത്തി. 2016-17 വർഷത്തിൽ ജെ.എസ്.എസ്.എൽ.സി, പ്ലസ് ടു, ക്ലാസ്സ് 5 മുതൽ 9 വരെ, എന്നിവയിൽ റാങ്കുകൾ നേടിയവർ, 50 വർഷം സൺഡേസ്കൂൾ രംഗത്ത് വിജയകരമായി സേവനം പൂർത്തിയാക്കിയ പ്രമുഖ അദ്ധ്യാപകർ എന്നിവരെ യോഗത്തിൽ അവാർഡുകളും മെഡലുകളും മൊമന്റോകളും നൽകി ആദരിച്ചു. ബെസ്റ്റ് സൺഡേസ്കൂൾ, ബെസ്റ്റ് ആത്മദീപം ലേഖകൻ വിവിധ മേഖലകളിൽ അവാർഡു ജേതാക്കളായ സൺഡേസ്കൂൾ അദ്ധ്യാപകർ,സാമൂഹ്യരംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ച വച്ച ഉന്നതർ എന്നിവരേയും യോഗത്തിൽ മെമന്റോകൾ നൽകി ആദരിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ ഡേ ഓഫ് ഗിവിംഗ് തുക സമാഹരിച്ച് തന്ന കുറുപ്പംപടി സെന്റ് മേരീസ് പള്ളി, ഏറ്റവും കൂടുതൽ പെന്തിക്കോസ്തികാണിക്ക സമാഹരിച്ചു തന്ന മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ പള്ളി, ഏറ്റവും കൂടുതൽ ആത്മദീപം വരിക്കാരെ ചേർത്ത ഓർഗനൈസർമാർ എന്നിവരെ യോഗത്തിൽ അനുമോദിക്കുകയുണ്ടായി. അവർക്കുള്ള ട്രോഫികളും മെമന്റോകളും യോഗത്തിൽ അഭി. തിരുമേനി നൽകുകയും ചെയ്തു.

തുടർന്നു പൊതുയോഗ നടപടികൾ ആരംഭിച്ചു. 2016-17 വർഷത്തെ പ്രവർത്തന റിപ്പോർട്ടു, കണക്കുകൾ, അഡീഷണൽ ബഡ്ജറ്റ്, ഓഡിറ്റു റിപ്പോർട്ടിനുള്ള മറുപടി, ചോദ്യങ്ങൾ പ്രമേയങ്ങൾ എന്നിവയ്ക്കുള്ള മറുപടികൾ എന്നിവയും യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു. തുടർന്ന് 2017-18 ലെ 31,66,8000/ ക വരവും 3,09,81,000 ക ചെലവും 6,87,000 ക നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റും യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

തുടർന്ന് അജണ്ഡയിലെ മറ്റ് വിഷയങ്ങളും യോഗം ചർച്ച ചെയ്തു. ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

*മറുപുറം*

A. പൊതുയോഗം കൈക്കൊണ്ട പ്രധാന തിരുമാനങ്ങൾ

1. ആത്മദീപം കൂടുതൽ ലാഭകരമാക്കുവാൻ പരസ്യങ്ങൾ ലഭ്യമാക്കുക.
2. ബുക്ക്ഡിപ്പോയുടെ സ്റ്റോക്ക് പ്രസിദ്ധികരിക്കുമ്പോൾ അതിന്റെ വിലകൂടി കാണിക്കുക.
3. ജെ.എസ്.വി.ബി.എസിന് പാട്ടു പുസ്തകത്തിനോടൊപ്പം സി.ഡി. നിർബന്ധമാക്കേണ്ടതില്ല
4. എംജെ.എസ്.എസ്.എ. ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഉപനിബന്ധനകൾ, ബെസ്റ്റ് സൺഡേസ്കൂൾ പ്രൊഫോർമ ഉപനിബന്ധനകളുടെ ഭേദഗതി എന്നിവ തയ്യാറാക്കുക.
5. വാർഷിക പൊതുയോഗം എല്ലാ വർഷവും ജൂൺ 2-ാം ശനിയാഴ്ച നടത്തുക.
6. എംജെ.എസ്.എസ്.എ. ജനറൽസെക്രട്ടറിയുടെ കാലാവധി ഒരു ടേം ആയി നിജപ്പെടുത്തുക തുടങ്ങിയ ഭരണഘടന വകുപ്പുകൾ ഭേദഗതി ചെയ്യുക.
7. കഴിവതും 6 മാസത്തിനുള്ളിൽ എംജെ.എസ്.എസ്.എ. യുടെ വിശേഷാൽ പൊതുയോഗം വിളിക്കുക.
8. ക്വാളിഫൈഡ് ആയിട്ടുള്ള ഓഫീസ് ജീവനക്കാരെ നിയമിക്കുക.

തുടർന്ന് എം.ജെ.എസ്.എസ്.എ. ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ; നിയോഗിക്കപ്പെട്ട തെരഞ്ഞെടുപ്പ് കമ്മറ്റി അംഗങ്ങളായ ഷെവ. കെ.പി.കുര്യാക്കോസ്, ഷെവ.ജോയി പി. ജോർജ്, ശ്രീ. ബേബി മാത്താറ എന്നിവർ നടത്തി. 2017- 18 മുതൽ 2019-20 വരെയുള്ള 3 വർഷക്കാലത്തേയ്ക്കു താഴെ പറയുന്ന ഭാരവാഹികളെ യോഗം തെരഞ്ഞെടുത്തു.

**പ്രസിഡന്റ്** - നി.വ.ദി.ശ്രീ. മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലീത്ത
**വൈസ് പ്രസിഡന്റ് -** റവ.ഫാ. സാബു സാമുവൽ (കൊല്ലം)
**ജനറൽ സെക്രട്ടറി -** ഷെവ.എം.ജെ.മർക്കോസ് (കോലഞ്ചേരി മേഖല)
**സെക്രട്ടറി -** ശ്രീ. കോര സി. കുന്നുംപുറം (കോട്ടയം)
- ശ്രീ. യൽദോ ഐസക് (മൂവാറ്റുപുഴ മേഖല)
- ശ്രീ. റോയി തോമസ് (കൊച്ചി)
**ട്രഷറാർ** - ശ്രീ. പി.വി.ഏലിയാസ് (മൂവാറ്റുപുഴ മേഖല)
**സെൻട്രൽകമ്മറ്റി അംഗങ്ങൾ -** റവ.ഫാ.ഷിബിൻ പോൾ (പിറവം മേഖല), ശ്രീ.പി.ഐ.ഉലഹന്നാൻ (പെരുമ്പാവൂർ മേഖല) ശ്രീ. ബേബി വറുഗീസ് (അങ്കമാലി മേഖല), ശ്രീ.എൻ.എ.ജോസ് (ഹൈറേഞ്ച് മേഖല), ശ്രീ. എം.വൈ.ജോർജ് (മലബാർ)
**ആഡിറ്റർമാർ** - ശ്രീ.എം.കെ.തമ്പി, ശ്രീ.എം.സി.മാത്യൂസ് (ഒരു വർഷം)

B. 08.07.17 ൽ ചേർന്ന സെൻട്രൽ കമ്മറ്റി താഴെ പറയുന്ന സബ്കമ്മറ്റികൾക്കു രൂപം നൽകി.

**1. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ -** പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ട്രഷറാർ എന്നിവർക്കു പുറമെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേയ്ക്കു ശ്രീ.പി.ഐ.കുര്യാക്കോസ്, ശ്രീ.പി.വി.പൗലോസ്, ശ്രീ.ടി.വി.സജീഷ്, ശ്രീ.പി.വി.ജേക്കബ് എന്നിവരെ കൂടി ഉൾപ്പെടുത്തി.

1. **പരീക്ഷാ ബോർഡ്** : ശ്രീ.ബിനോയ് പി.ജോർജ് (കൺട്രോളർ), ഫാ.ഷിബിൻ പോൾ, ശ്രീ.പി.ഐ.ഉലഹന്നാൻ, ശ്രീ.ഡി.കോര, ശ്രീ.എൻ.എ.ജോസ്, ശ്രീ.എൽബി വർഗ്ഗീസ്, ശ്രീ.വി.ജെ.ജോസഫ്, ശ്രീ.ടി.വി.പൗലോസ്, ശ്രീ.എ.വി.തങ്കച്ചൻ
2. **കലോത്സവം** : ശ്രീ.ഇ.പി.കുര്യാക്കോസ്, ശ്രീ.പി.വൈ.ജോൺസൺ, ശ്രീ.ബേബി വർഗ്ഗീസ്, ശ്രീ.തോമസ് പോൾ, ശ്രീ.എം.കെ.വർഗ്ഗീസ്, ശ്രീ.അനിൽ ജേക്കബ്, ശ്രീ.സി.പി.ബെന്നി
3. **ജെ.എസ്.വി.ബി.എസ്.** : 
തെക്കൻ മേഖല - ശ്രീ. ഷാജി മാത്യു
മദ്ധ്യ മേഖല - ശ്രീ. എൽബി വർഗ്ഗീസ്
വടക്കൻ മേഖല - ശ്രീ. എം.വൈ.ജോർജ്
} **കൺവീനർമാർ**
**അംഗങ്ങൾ** : ഡോ.ജോസ് ഡി.കൈപ്പിള്ളിൽ, ഷെവ.ജോയി പി.ജോർജ്, ശ്രീ.തോമസ് കുരുവിള, ശ്രീ. രാജൻ തോമസ്, ശ്രീ.വി.വി.ജോസഫ്
4. **പാഠപുസ്തക കമ്മിറ്റി** : റവ.ഫാ.ജോസി എബ്രാഹാം, ഷെവ.കെ.വി.പൗലോസ്, ഷെവ.കെ.പി.കുര്യാക്കോസ്, ഷെവ.ടി. ടി.ജോയി, ഷെവ.സി.വൈ.വർഗ്ഗീസ്, ഡോ.ജോസ് ഡി.കൈപ്പിള്ളി,ശ്രീ.എൻ.എ.ജോസ്

നിലവിലുള്ള കരിക്കുലം കമ്മറ്റിക്കു പുറമേ പാഠപുസ്തക പരിഷ്ക്കരണത്തിനായി കഴിവുള്ള മറ്റു വ്യക്തികളെ കൂടി ഉൾപ്പെടുത്തുന്നതിനും കമ്മറ്റിയുടെ കൺവീനറായി ശ്രീ.പി.വി. ജേക്കബിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

5. **ബസ്സേലിയോസ് തോമസ് അക്കാദമി ഓഫ് എക്സലൻസ്** : ഫാ. മാത്യു എം.ബാബു, ശ്രീ.റ്റി.വി. പൗലോസ്, ഷെവ.അഡ്വ.ബഞ്ചമിൻ പോൾ, ഷെവ.കെ.ഒ. ഏലിയാസ്, ശ്രീ.പി.ഐ. ഉലഹന്നാൻ, ശ്രീ. ബേബി വർഗ്ഗീസ്
6. **ആത്മദീപം** : ശ്രീ.പി.ഐ. ഉലഹന്നാൻ (എഡിറ്റർ), ഷെവ.സി.വൈ. വർഗ്ഗീസ്, ശ്രീ.ബേബി മാത്താറ, ശ്രീ.ഏലിയാസ് പി.ജോസഫ്, ശ്രീ.അനിൽ ജേക്കബ്, ശ്രീ.കെ.വി.ജോസ്, ശ്രീ.കെ.പി.പൗലോസ്
7. **കൺസ്ട്രക്ഷൻ** : ശ്രീ.എൻ.എ.ജോസ്, ഷെവ.റ്റി.റ്റി.ജോയി, ശ്രീ.ഡി.കോര, ശ്രീ.ബിജു പി.വർഗ്ഗീസ്
8. **ഉപനിബന്ധന ഉപസമിതി** : ഷെവ.റ്റി.റ്റി. ജോയി, ശ്രീ. ജോർജ് ജോസഫ്, ഷെവ. കെ.ഒ.ഏലിയാസ്, ശ്രീ.കെ.വി.ജോസ്, ശ്രീ.എം.കെ.വർഗ്ഗീസ്
9. **ഇന്റേണൽ ഓഡിറ്റേഴ്സ്** : ഷെവ.കെ.ഒ.ഏലിയാസ്, ശ്രീ. കെ.വി.ജോസ്

C. **അർദ്ധ വാർഷിക പരീക്ഷ :** മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും അർദ്ധ വാർഷിക പരീക്ഷ ജൂലൈ മാസത്തിൽ തന്നെ എല്ലാ ഭദ്രാസനങ്ങളിലും നടത്തിയിരിക്കണം.

D. **പെന്തിക്കോസ്തികാണിക്ക :** ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ കല്പന പ്രകാരം പള്ളികളിൽ സമാഹരിച്ചിട്ടുള്ള പെന്തിക്കോസ്തി കാണിക്ക തുക നാളിതു വരെ പല പള്ളികളിൽ നിന്നും ലഭിച്ചിട്ടില്ല. എം.ജെ.എസ്.എസ്.എ. വാർഷിക റിപ്പോർട്ടിൽ കഴിഞ്ഞ വർഷം ലഭിച്ച തുകകളുടെ വിവരം ചേർത്തിട്ടുള്ളതാണ്. തുക ഏൽപ്പിക്കാത്ത പള്ളികൾ കഴിഞ്ഞ വർഷത്തെ കാണിക്കയും ഈ വർഷത്തെ കാണിക്കയും പ്രത്യേകം കാണിച്ച് തുകകൾ എത്രയും വേഗം എം.ജെ.എസ്.എസ്. എ.യിൽ അടച്ചു രസീതു വാങ്ങണമെന്നറിയിക്കുന്നു.

E. **ഡേ ഓഫ് ഗിവിംഗ്** : ഓരോ ഭദ്രാസനത്തിന്റേയും വാർഷിക റിപ്പോർട്ടു പ്രകാരം കാണിച്ചിട്ടുള്ള വി.ബി.എസ്. നടന്ന എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഡേ ഓഫ് ഗിവിംഗ് ഇനത്തിൽ സമാഹരിച്ച തുകകൾ എം.ജെ.എസ്എസ്.എ.യിൽ നാളിതു വരെ ലഭിച്ചിട്ടില്ല. അപ്രകാരം നൽകാത്തവർ ആയതും ഈ വർഷം സമാഹരിച്ച തുകയും കൂടി എത്രയും വേഗം എം.ജെ.എസ്.എസ്.എ.യിൽ അടച്ചു രസീതുവാങ്ങേണ്ടതാകുന്നു.

F. **ആത്മദീപം :** ആത്മദീപം വരിക്കാരുടെ എണ്ണം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹകരണത്തെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞ മാസം 15,000 കോപ്പികളാണ് പ്രിന്റു ചെയ്തത് 2017-18 ആകുമ്പോഴേയ്ക്കും എല്ലാ കുടുംബങ്ങളിലും മാസിക എത്തണമെന്നതാണ് എം.ജെ.എസ്.എസ്.എ.യുടെ ലക്ഷ്യം. മാത്രമല്ല ഇതിന്റെ സുഗമമായ നടത്തിപ്പിന് പരസ്യങ്ങളും ആവശ്യമാണ്. മറ്റ് പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് വളരെ ചെറിയ പരസ്യനിരക്കുകളാണുള്ളത്. ആയതിലേക്കും നിങ്ങളേവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

G. **എം.ജെ.എസ്.എസ്.എ. ചാരിറ്റി :** സൺഡേസ്കൂൾ അദ്ധ്യാപകർ, കുട്ടികൾ എന്നിവരിൽ ഓരോരുത്തർക്കുള്ള ഭവന നിർമാണ ധനസഹായം, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ടവരുടെ ശുപാർശകൾ സഹിതം ആഗസ്റ്റ് 31 നകം ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതാണ്. അതോടൊപ്പം പെൻഷന് അർഹതയുള്ള അപേക്ഷകളും നിശ്ചിതഫോറത്തിൽ എത്രയും വേഗം ശുപാർശ സഹിതം ജനറൽ സെക്രട്ടറിക്കയക്കുക.

H. **1. വാർഷിക പരീക്ഷ :** രജിസ്ട്രേഷൻ ഫോറങ്ങൾ (A List) 31.07.2017 നകം ആഫീസിൽ ലഭിച്ചിരിക്കണം വൈകിയാൽ ലേറ്റ്ഫീ അടക്കണമെന്നത് അറിയാമല്ലോ. ക്ലാസ് X, XI, XII, എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾ, പ്രൈവറ്റ് രജിസ്ട്രേഷനുള്ള കുട്ടികൾ എന്നിവയുടെ എണ്ണം വാർഷിക സ്റ്റേറ്റുമെന്റുമായി ഒത്തിരിക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റുമെന്റു പ്രകാരമായിരിക്കും ചോദ്യപേപ്പർ പായ്ക്കു ചെയ്യുക. ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ളവർ ആയതിന് പ്രത്യേക സ്റ്റേറ്റുമെന്റ് സമർപ്പിക്കേണ്ടതാണ്. അസ്സോസിയേഷൻ ഫണ്ട് 100/ക. പെൻഷൻ ഫണ്ട് 100/ക. എന്നിവയും യഥാസമയം അടച്ചിരിക്കണം. ഡിസ്ട്രിക്റ്റിലെ പരീക്ഷാ സെന്റർ, ഹാളുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം, എന്നിവ കൃത്യമായി രേഖപ്പെടുത്തി; വാർഷിക സ്റ്റേറ്റ്മെന്റ് 31.7.17 നകം ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കണം.

**2. ഫീസ് വിവരം :** വാർഷിക പിരിവ് കുട്ടി ഒന്നിന് - 5/ക

| | | | | | |
|---|---|---|---|---|---|
| ക്ലാസ് | X | - 20/ക, | പ്രൈവെറ്റ് | ക്ലാസ് X | - 50/ക |
| ക്ലാസ് | XI | - 25/ക, | തോറ്റവർ | ക്ലാസ് XII | - 20/ക |

റീവാലുവേഷൻ - 100/ക

കഴിഞ്ഞ വർഷം വാർഷിക പരീക്ഷ യാതൊരു പരാതിയുമില്ലാതെ നടത്തുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. നിങ്ങളേവരുടേയും ആത്മാർത്ഥമായ കരുതൽ അക്കാര്യത്തിൽ ഉണ്ടായി എന്നുള്ളത് നിസംശയം പറയുവാൻ കഴിയും. ഈ വർഷത്തിലും അപ്രകാരം ആയിത്തീരുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിനായി സ്റ്റേറ്റുമെന്റുകൾ യഥാസമയം തന്നെ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഫീസിനങ്ങളും, മറ്റ് ഫണ്ടുകളും വീഴ്ചകൂടാതെ എം.ജെ.എസ്എസ്.എ.യിൽ ലഭിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഭാരവാഹികൾ ചെയ്യേണ്ടതാകുന്നു.

I. **ഇൻസ്പെക്ഷൻ : -** എം.ജെ.എസ്.എസ്.എ. ഭരണഘടന നിർദ്ദേശിക്കുന്ന പ്രകാരം സൺഡേസ്കൂളുകൾ ഇൻസ്പെക്ഷൻ നടത്തി നിശ്ചിത ഫോമിൽ റിപ്പോർട്ടുകൾ ജനറൽ സെക്രട്ടറിക്കു അയച്ചു തരുന്നതിൽ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സഭ ഇന്ന് വളരെ ക്ലേശങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. സത്യവിശ്വാസ സംരക്ഷണത്തിനും ഇടവക പള്ളികളുടേയും സൺഡേസ്കൂളുകളുടേയും സ്വാതന്ത്ര്യത്തിനും, പള്ളികളുടെ സ്ഥാപനോദ്ദേശം നിലനിർത്തുന്നതിനുമുള്ള സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സൺഡേസ്കൂൾ പ്രസ്ഥാനം പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളതും, സൺഡേസ്കൂൾ പ്രവർത്തകർ ഇക്കാര്യത്തിൽ ശ്രദ്ധാലുക്കളാകുകയും വേണം. പരിശുദ്ധ പാത്രിയർക്കീസ് ബാവ, ശ്രേഷ്ഠ കാതോലിക്ക ബാവ, സഭയിലെ മറ്റ് മെത്രാപ്പോലീത്താ തിരുമേനിമാർ എന്നിവരോടുള്ള ഭയഭക്തി ആദരവുകളും കൂറും വിധേയത്വവും നിലനിർത്തി പരി. അന്ത്യോഖ്യ സിംഹാസനത്തിന്റെ കീഴിൽ അടിയുറച്ച് മുൻപോട്ട് പോകുവാൻ സൺഡേസ്കൂൾ പ്രവർത്തകർ പ്രതിജ്ഞാ ബദ്ധരായിരിക്കണം. എല്ലാ സൺഡേസ്കൂളുകളിലും വിശ്വാസ പ്രഖ്യാപന റാലികളും, മീറ്റിംഗുകളും സംഘടിപ്പിക്കേണ്ടതുമാണ്.

എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടേയും കൂട്ടായ സഹായവും സഹകരണവും പ്രതിക്ഷിച്ചുകൊണ്ട്

കർത്താവിൽ എളിയ ശുശ്രൂഷകൻ



ഷെവ. എം. ജെ. മർക്കോസ്
ജനറൽ സെക്രട്ടറി
MOB. 9745046911,8281325911